മലയാള മനോരമ

28 August 2025

# മത്സ്യബന്ധനത്തിനു പോകുന്നവരിൽ 58 ശതമാനം അതിഥിത്തൊഴിലാളികൾ

മനോരമ ലേഖിക

കൊച്ചി● കേരളത്തിൽ സമുദ്ര മത്സ്യബന്ധനത്തിനു പോകുന്നവരിൽ 58 ശതമാനം അതിഥിത്തൊഴിലാളികളാണെന്നു പഠനം. മീൻപിടിത്തം, വിപണനം, സംസ്കരണം എന്നീ രംഗങ്ങളിൽ സിഎംഎഫ്ആർഐ നടത്തിയ പഠനത്തിലാണു കണ്ടെത്തൽ. യുവതലമുറയ്ക്കു സമുദ്രമത്സ്യ മേഖലയിൽ ഉപജീവനം തേടാൻ താൽപര്യമില്ലെന്നും പഠനം വ്യക്തമാക്കുന്നു.

സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാലയിൽ അവതരിപ്പിച്ച ദേശീയ ഗവേഷണ പദ്ധതിയിലെ കണ്ടെത്തലാണിത്. കേരളത്തിലെ യന്ത്രവൽകൃത മത്സ്യബന്ധന മേഖലയിൽ അതിഥിത്തൊഴിലാളികൾ ഏറ്റവുമധികം മുനമ്പം തുറമുഖത്താണ്– 78%. തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവിടങ്ങളിൽനിന്നാണു തൊഴിലാളികൾ ഏറെ. സംസ്കരണ യൂണിറ്റുകളിൽ 50 ശതമാനവും വിപണന രംഗത്ത് 40 ശതമാനവും അതിഥിത്തൊഴിലാളികളാണ്.

കടബാധ്യത, ഓഫ്– സീസൺ തൊഴിലില്ലായ്മ, വായ്പയുടെ അഭാവം തുടങ്ങിയവയാണു തദ്ദേശീയരായ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ.

എന്നാൽ വിവേചനവും ഒറ്റപ്പെടലുമാണ് അതിഥിത്തൊഴിലാളികളുടെ പ്രധാന പ്രശ്നങ്ങളെന്നും കണ്ടെത്തി.

സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീം ആണ് ഗവേഷണ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ. സംസ്ഥാന ഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ഡോ. മാജ ജോസ് ശിൽപശാല ഉദ്ഘാടനം ചെയ്തു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. ഡോ. ശ്യാം എസ്. സലിം, ഡോ. എ.ആർ. അനുജ, ഡോ. ടി. ഉമ മഹേശ്വരി എന്നിവർ പ്രസംഗിച്ചു.